അധ്യായം 91

## അശ്ശംസ് (സൂര്യൻ)

അവതരണം മക്കയിൽ, സൂക്തങ്ങൾ 15

**അദ്ധ്യായ പരിചയം:**

**സാന്മാർഗികജീവിതം നയിക്കാൻ മനുഷ്യനുള്ള ശക്തമായ ഉൽബോധനമാണ് ഈ അദ്ധ്യായം. അക്കാര്യം അവനെ ഓർമപ്പെടുത്തുന്നത് അല്ലാഹു മനുഷ്യന് നല്കിയ ബുദ്ധി, വിചാരം, ബോധം, ഒർമശക്തി, ഇച്ഛാ ശക്തി, തീരുമാന ശക്തി തുടങ്ങിയ കഴിവുകളെ എടുത്തോതിക്കൊണ്ടാണ്. ദൈവികമാർഗം കരഗതമാകാനും അതുവഴി അവൻെറ പ്രീതി കരസ്ഥമാക്കാനും പ്രവാചകന്മാരെ നിയോഗിച്ചു. ഇതൊക്കെ നിഷേധിച്ച് തിന്മയുടെയും ധിക്കാരത്തിൻെറയും മാർഗം പിൻപറ്റുന്നത് സ്വന്തത്തിൻെറ ദുരന്തങ്ങൾക്കായിരിക്കും. അക്കാര്യം അവനെ ബോധ്യപ്പെടുത്താൻ ഥമൂദ്ഗോത്രത്തിൻെറ ദുഷ്പരിണതിയെ പരാമർശിക്കുന്നു. അവരുടെ ഉൻമൂലനത്തിൽ നിന്നും പാഠമുൾകൊള്ളാനും സ്വന്തം നിലപാടുകളെക്കുറിച്ച് ചിന്തിക്കുവാനും ഖുറൈശികളെ ഈ അദ്ധ്യായത്തിലൂടെ ഉപദേശിക്കുന്നു.**

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

وَٱلشَّمۡسِ وَضُحَىٰهَا ﴿١﴾ وَٱلۡقَمَرِ إِذَا تَلَىٰهَا ﴿٢﴾ وَٱلنَّهَارِ إِذَا جَلَّىٰهَا ﴿٣﴾
وَٱلَّيۡلِ إِذَا يَغۡشَىٰهَا ﴿٤﴾ وَٱلسَّمَآءِ وَمَا بَنَىٰهَا ﴿٥﴾ وَٱلۡأَرۡضِ وَمَا طَحَىٰهَا ﴿٦﴾
وَنَفۡسٍ وَمَا سَوَّىٰهَا ﴿٧﴾ فَأَلۡهَمَهَا فُجُورَهَا وَتَقۡوَىٰهَا ﴿٨﴾ قَدۡ أَفۡلَحَ مَن زَكَّىٰهَا
﴿٩﴾ وَقَدۡ خَابَ مَن دَسَّىٰهَا ﴿١٠﴾ كَذَّبَتۡ ثَمُودُ بِطَغۡوَىٰهَآ ﴿١١﴾ إِذِ ٱنۢبَعَثَ
أَشۡقَىٰهَا ﴿١٢﴾ فَقَالَ لَهُمۡ رَسُولُ ٱللَّهِ نَاقَةَ ٱللَّهِ وَسُقۡيَـٰهَا ﴿١٣﴾
فَكَذَّبُوهُ فَعَقَرُوهَا فَدَمۡدَمَ عَلَيۡهِمۡ رَبُّهُم بِذَنۢبِهِمۡ فَسَوَّىٰهَا ﴿١٤﴾ وَلَا يَخَافُ
عُقۡبَـٰهَا ﴿١٥﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. സൂര്യനും അതിൻെറ പ്രകാശവുമാണ് സത്യം.
2. അതിനെ പിൻതുടരുമ്പോൾ ചന്ദ്രനാണ് സത്യം.
3. പകൽ സത്യം, അത് സൂര്യനെ തെളിയിച്ച് കാണിക്കുമ്പോൾ.
4. അത് സൂര്യനെ മൂടുമ്പോൾ, രാവു സത്യം.
5. ആകാശവും അതിനെ നിർമിച്ചവനുമാണ് സത്യം.
6. ഭൂമിയും അതിനെ പരത്തിയവനുമാണ് സത്യം.
7. ആത്മാവും അതിനെ സംതുലിതമാക്കിയവനുമാണ് സത്യം.
8. അങ്ങനെ അതിന് ധർമത്തെയും അധർമത്തെയും പററി ബോധനം നൽകിയവനാണ് സത്യം.
9. തീർച്ചയായും ആത്മാവിനെ സംസ്കരിച്ചവൻ വിജയിച്ചു.

10. അതിനെ ദുഷിപ്പിച്ചവൻ പരാജയപ്പെട്ടു.
11. ഥമൂദ് ഗോത്രം അവരുടെ ധിക്കാരം കൊണ്ട് സത്യത്തെ തള്ളിക്കളഞ്ഞു.
12. അവരിലെ പരമദുഷ്ടൻ ഒരുങ്ങിത്തിരിച്ചപ്പോൾ,
13. ദൈവദൂതൻ അവരോട് പറഞ്ഞു: അല്ലാഹുവിൻെറ ഒട്ടകത്തെ (വിട്ടേക്കുക) അതിൻെറ ജലപാനത്തെയും.
14. അവരദ്ദേഹത്തെ ധിക്കരിച്ചു. അങ്ങനെ അവർ അതിനെ അറുത്തു. അവരുടെ പാപം കാരണം അവരുടെ നാഥൻ അവരെ ഒന്നടങ്കം നശിപ്പിച്ചു. ശിക്ഷ അവരെയെല്ലാം ഒരു പോലെ ബാധിച്ചു.
15. അതിൻെറ ഭവിഷ്യത്ത് അവൻ അശേഷം ഭയപ്പെടുന്നുമില്ല.

## വിശദീകരണം:

അനിഷേധ്യമായ ചില യാഥാർഥ്യങ്ങൾ മനുഷ്യനെ ബോധ്യപ്പെടുത്താൻ അവന് സുപരിചിതമായ ചില സംഗതികളെ പിടിച്ച് സത്യം ചെയ്തു പറയുകയാണ് അല്ലാഹു ചെയ്യുന്നത്. അതുവഴി പ്രസ്തുത യാഥാർഥ്യങ്ങൾ അവൻെറ ബോധമണ്ഡലത്തിൽ സദാ നിലനൽക്കണമെന്നുതന്നെയാണ് അതുകൊണ്ടുദ്ദേശിക്കുന്നത്.

സൂര്യനും സൂര്യനുദിക്കുമ്പോൾ ഉണ്ടാകുന്ന പകൽവേളയുമാണ് സത്യം ചെയ്യാൻ ആദ്യം ഉപയോഗിച്ച സംഗതികൾ. സൂര്യൻെറ അസ്തമയത്തോടെ പ്രത്യക്ഷപ്പെടുന്ന ചന്ദ്രനും അതിൻെറ ആഗമനത്തോടെ പ്രത്യക്ഷപ്പെടുന്ന രാത്രിയുമാണ് രണ്ടാമത് സ്വീകരിച്ചിട്ടുള്ളത്. സൂര്യാഗമനത്തോടെ വെളിപ്പെടുന്ന അഥവാ സൂര്യനെ ദൃഷ്ടിയിൽ കൊണ്ടുവരുന്ന പകൽ വെളിച്ചവും പകലിനെ മൂടിക്കളയുന്ന രാത്രിയുമാണ് മൂന്നാമത്തെയും നാലാമത്തെയും സംഗതികൾ. മേല്പുരയായി സ്ഥാപിച്ചിട്ടുള്ള ആകാശവും അതിൻെറ സ്ഥാപകനുമാണ് അഞ്ചാമത്തെ സംഗതി. ഭൂമിയും അതിനെ വിസ്തൃതമാക്കിയവനുമാണ് ആറാമത്തെ സംഗതി. ഏറ്റവും നല്ല ഘടനയോടു കൂടി മനുഷ്യശരീരത്തെ സൃഷ്ടിക്കുകയും അതിന് ഏറ്റം യോജിച്ച വിധത്തിൽ പാകപ്പെടുത്തിയ മനസ്സ് നല്കുകയും ചെയ്ത ശക്തിയാണ് ഏഴാമത്തെ സംഗതി. അതേ മനസ്സിന് നന്മയുടെതും തിന്മയുടെതുമായ വഴികൾ ബോധിപ്പിച്ചു കൊടുത്ത സർവജ്ഞനാണ് എട്ടാമത്തെ സംഗതി.

ഈ സംഗതികളെ സത്യം ചെയ്തു പറയുന്ന വസ്തുത ഇതത്രെ: തീർച്ചയായും ആത്മാവിനെ ശുദ്ധീകരിച്ചവൻ വിജയിച്ചു. അതിനെ ദുഷിപ്പിച്ചവൻ പരാജയമടഞ്ഞു." അതിൻെറ താല്പര്യമിതത്രെ: ആർ തൻെറ ആത്മാവിനെ ദുഷിച്ച ചുറ്റുപാടുകളിൽനിന്നും അതിൻെറ സ്വാധീനത്തിൽനിന്നും സംസ്കരിച്ചെടുക്കുകയും അതേ രീതിയിൽ അതിനെ കൂടുതൽ പരിപോഷിപ്പിക്കുകയും ദൈവേഛക്കനുസൃതമായി ജീവിക്കുന്നതിൽ അതിനെ ഉറപ്പിച്ചുനിർത്തുകയും ചെയ്യുന്നുവോ അവർക്കാണ് വിജയം. നേരെ മറിച്ച് മനസ്സിനെ ദേഹേഛക്ക് വിധേയമാക്കി എല്ലാ തിന്മകളുടെയും വിളഭൂമിയായി അതിനെ വളർത്തുകയാണെങ്കിൽ അത്തരം ആത്മാവുകൾക്ക് സംസ്കരിക്കപ്പെടാനോ നന്മയനുസരിച്ച് ജീവിക്കാനോ ദൈവകല്പനകൾ പാലിച്ചു ജീവിക്കുവാനോ സാധിക്കുകയില്ല. അത്തരക്കാരുടെ പരിണതി പരാജയമായിരിക്കും. ഈ രണ്ടവസ്ഥകളിലുമുള്ള മനസ്സുകളെ അതതിൻെറ താല്പര്യങ്ങൾക്കനുസരിച്ച കർമങ്ങൾക്ക് ഉതവി നല്കുകയാണ് അല്ലാഹു ചെയ്യുക.

ഇത്രയും കാര്യങ്ങളെ പരാമർശിച്ച ശേഷം ചീത്ത മനസ്സിനും അതിൻെറ ദാർഷ്ട്യത്തിനും ചരിത്രത്തിൽനിന്ന് ഉദാഹരണം എടുത്തുദ്ധരിക്കുന്നു: സ്വാലിഹ് നബി(അ) നിയോഗിതനായ ഥമൂദ്ജനതയുടെ പ്രതികരണമാണത്. പ്രവാചകൻ അവരെ ദൈവികസന്ദേശത്തിലേക്ക് ക്ഷണിച്ചപ്പോൾ അവർ അദ്ദേഹത്തെ നിഷേധിക്കുകയും പ്രവാചകത്വത്തിന് തെളിവായി ഒരൊട്ടകത്തെ നിശ്ചിത പാറയിൽനിന്ന് കൊണ്ടുവരാൻ ആവശ്യപ്പെടുകയും ചെയ്തു. അവരുടെ ആവശ്യം പൂർത്തീകരിച്ച് നാഥൻ അവരോട് പറഞ്ഞു: ഇതാ, ഒട്ടകം. അതിന് അതിൻെറ ജലപാനം വിട്ടുകൊടുക്കുക. ധിക്കാരപരമായി അതിനോട് പെരുമാറാതിരിക്കുക." പക്ഷേ, ആ ജനം ആ ആജ്ഞ ലംഘിച്ചു. അവരിലെ ഏറ്റം നിർഭാഗ്യവാന്മാരായ ഖിദ്റാനുബ്നു സാലിഫ് എന്ന ഗോത്രത്തിലെ ധിക്കാരികൾ അല്ലാഹു അവർക്ക് നല്കിയ ദൈവിക ദൃഷ്ടാന്തമായ ഒട്ടകത്തെ കൊല്ലുകയും ചെയ്തു. അതെ തുടർന്ന് അല്ലാഹുവിൻെറ കോപം അവരിൽ പതിയുകയും അവർ നശിക്കുകയും ചെയ്തു. തികഞ്ഞ നീതിയോടെ ആ ശിക്ഷ അവരിൽ ഒരുപോലെ നടപ്പാക്കുകയാണ് അല്ലാഹു ചെയ്തത്. തൻെറ ശിക്ഷ നടപ്പാക്കുന്ന കാര്യത്തിൽ ഒരു ശക്തിയെയും ഭയപ്പെടാനില്ലാത്ത വിധം അതിശക്തനും പ്രപഞ്ചത്തിനു മേൽ അധികാരസ്ഥനുമാണ് അല്ലാഹു.